# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 280** **20-06-2018-ൽ മറുപടിക്ക്**

## ഇലക്ട്രോണിക് ഹാർഡ് വെയർ നിർമ്മാണ ഹബ്ബ്

**ചോദ്യം**

**ശ്രീ.എം. മുകേഷ്**
**,, എസ്.ശർമ്മ**
**,, ബി.സത്യൻ**
**,, കെ. ബാബു**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | വിവരവിനിമയ സാങ്കേതികവിദ്യാ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) | ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), മാനവശേഷി മൂലധന വികസനം, പശ്ചാത്തല അടിസ്ഥാന വികസന സൗകര്യങ്ങൾ, ഐ.ടി പാർക്കുകൾ, ഏകജാലക സർക്കാർ പോർട്ടൽ, സ്വതന്ത്ര ഓപ്പൺ സോഫ്റ്റ് വെയറുകളുടെ ഉപയോഗവും ഉല്പാദനവും, ഇലക്ട്രോണിക്സ് സേവനങ്ങൾ, വിഭവ സമാഹാരങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഇ-കൊമേഴ്സ്, മൊബൈൽ കൊമേഴ്സ്, ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, ഓൺലൈൻ വിപണന കേന്ദ്രങ്ങൾ, സൈബർ മേഖല, ഫാബ് ലാബുകൾ, സ്മാർട്ട് ഗ്രാമങ്ങൾ, വ്യവസായ വികസനവും തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുള്ള വളർച്ചയ്ക്കും, പുതിയ വ്യവസായ സംരംഭങ്ങൾക്കും പരമാവധി തൊഴിലവസരം സൃഷ്ടിക്കാനുമായി പുതിയ ഐ.ടി നയം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | കേരളത്തെ ഇലക്ട്രോണിക് ഹാർഡ് വെയർ നിർമ്മാണ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ ഇലക്ട്രോണിക്സ് ഹാർഡ് വെയർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വിശദമാക്കാമോ; | ബി) | സംസ്ഥാനത്തെ വിവിധ ഏജൻസികൾ നടത്തിവരുന്ന ഇലക്ട്രോണിക്സും ഹാർഡ് വെയറും സംബന്ധിച്ച മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഹാർഡ് വെയർ മിഷൻ സ്ഥാപിച്ചിട്ടുണ്ട്.<br>ഹാർഡ് വെയർ മിഷൻ പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ / പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br>1. ഹാർഡ് വെയർ ആവാസ വ്യവസ്ഥ റിപ്പോർട്ട്<br>2. ലാപ്പ്ടോപ്പ്, സെർവർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ<br>3. വൈദ്യുത വാഹനങ്ങൾ സംബന്ധിച്ച നയങ്ങൾ<br>4. അന്താരാഷ്ട്ര ഡസ്ക് സ്ഥാപിക്കൽ. |
| സി) | ഐ.ഐ.ഐ.ടി.എം-കേരളയെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി വികസിപ്പിച്ച് ഉന്നത ഗവേഷണ സ്ഥാപനമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | സി) | ഉണ്ട്. ഐ.ഐ.ഐ.ടി.എം-കേരളയ്ക്ക് വേണ്ടി തിരുവനന്തപുരം ടെക്നോസിറ്റിയിൽ അന്തർ ദേശീയ നിലവാരത്തിലുള്ള ക്യാമ്പസിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് 2018-19-ൽ തന്നെ പ്രവർത്തന സജ്ജമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**